# പതിനാലാം കേരള നിയമസഭ
## പതിനാലം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1000** — **30.01.2019 ലെ മറുപടി**

## തോടുകളുടെ സംരക്ഷണം

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം : | മറുപടി<br>കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|
| (എ) തോടുകളുടെ സംരക്ഷണത്തിന് വേണ്ടി നടപ്പുവർഷം അനുവദിച്ച തുകയും ഇതുവരെ ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കാമോ; | (എ) എഫ്.സി, എഫ്.ഡി, റിപ്പയേർസ് & എഫ്.ഡി എന്നീ ശീർഷകങ്ങളിലായി 35 കോടി രൂപ അനുവദിച്ചിരുന്നു.<br>നടപ്പ വർഷം ഈ ശീർഷകത്തിൽ ചിലവഴിച്ച തുക ചുവടെ ചേർക്കുന്നു.<br>2711-01-103-99-34-3-എഫ്.സി -287.15 ലക്ഷം<br>2711-01-103-98-എഫ്.ഡി- 392.68 ലക്ഷം<br>2702-03-101-98(3) - 515.89 ലക്ഷം |
| (ബി) മലപ്പുറം ജില്ലയിൽ തോടുകളുടെ സംരക്ഷണത്തിന് വേണ്ടി നടപ്പുവർഷം ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (ബി) പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) ചെക്ക് ഡാമുകളുടെ നിർമ്മാണത്തിന് വേണ്ടി നടപ്പുവർഷം അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ ജില്ല തിരിച്ച് അറിയിക്കാമോ; | (സി) ചെക്ക് ഡാം/വി.സി.ബി എന്നിവയുടെ നിർമ്മാണത്തിനു വേണ്ടി എം.ഐ.ക്ലാസ് 1 ഹരിതകേരളം, എം.ഐ.ക്ലാസ് 2 ഹരിതകേരളം, പ്രയോറിറ്റി ഓഫ് എം.ഐ.വർക്ക്സ് എന്നീ ശീർഷകങ്ങളിലുൾപ്പെടുത്തി നടപ്പ സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിൽ 50 ലക്ഷം രൂപ, വയനാട് ജില്ലയിൽ 235 ലക്ഷം രൂപ, മലപ്പുറം ജില്ലയിൽ 75 ലക്ഷം രൂപ, കാസർഗോഡ് ജില്ലയിൽ 148.5 ലക്ഷം രൂപ, കോഴിക്കോട് ജില്ലയിൽ 75 ലക്ഷം രൂപ, തിരുവനന്തപുരം ജില്ലയിൽ 20 ലക്ഷം രൂപ, കൊല്ലം ജില്ലയിൽ |

73.5 ലക്ഷം രൂപ, കോട്ടയം ജില്ലയിൽ 45 ലക്ഷം രൂപ എന്നിങ്ങനെ അനുവദിച്ചു. ഈ പ്രവൃത്തികൾക്കായി നടപ്പുവർഷം ഇതുവരെ തുകയൊന്നും ചിലവഴിച്ചിട്ടില്ല.

(ഡി) ചെക്ക് ഡാമുകളുടെ നിർമ്മാണത്തിന് നടപ്പുവർഷം മലപ്പുറം ജില്ലയിൽ ഏറ്റെടുത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ കടലുണ്ടി പുഴയ്ക്ക് കുറുകെ ആനപ്പാറ പൊറ്റമ്മാൾ ചെക്ക് ഡാമിന് വേണ്ടി 6 കോടി രൂപയും ചെറുപുഴയ്ക്ക് കുറുകെ കാളിക്കാവിൽ ഒരു വി.സി.ബി കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 1.40 കോടി രൂപയും കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. ഇതിൽ ആനപ്പാറ പൊറ്റമ്മാൾ ചെക്ക് ഡാമിന്റെ ടെണ്ടർ നടപടികൾ നടന്നു വരുന്നു. കാളികാവ് വി.സി.ബിയുടെയും നടപ്പു സാമ്പത്തിക വർഷം അനുമതി ലഭിച്ച 75 ലക്ഷം രൂപയുടെയും പ്രവൃത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) തോട് സംരക്ഷണം, ചെക്ക് ഡാം നിർമ്മാണം എന്നിവയിലേക്ക് പ്രവൃത്തി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം, രീതി എന്നിവ വിശദമാക്കാമോ ?

(ഇ) <u>തോടുകളുടെസംരക്ഷണം</u>

പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പരാതികളുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തി അത്യാവശ്യമാണെന്ന് ബോധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിലാണ് തോട് സംരക്ഷണ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. കൃഷി സ്ഥലങ്ങളിലേയ്ക്ക് വെള്ളം കയറുന്നത് വീടുകൾക്കും മറ്റ് നിർമ്മിതികൾക്കും ഭീഷണിയാവുക എന്നിവ ഇതിനായി പരിഗണിക്കാറുണ്ട്. ജലസേചന വകുപ്പ് നിർമ്മിതികളോടനുബന്ധിച്ച ആവശ്യമായ സ്ഥലങ്ങളിലും സംരക്ഷണഭിത്തി നിർമ്മിക്കാറുണ്ട്.

ചെക്ക് ഡാം നിർമ്മാണം-

കാർഷികാവശ്യങ്ങൾക്കും, കുടിവെള്ളം മുതലായ മറ്റ് ആവശ്യങ്ങൾക്കും ജലദൗർലഭ്യം അനുഭവപ്പെടുന്ന സാഹചര്യം പരിഗണിച്ചും, തോട്/പുഴ എന്നിവയിലെ ജലലഭ്യത പരിഗണിച്ചുമാണ് അനുയോജ്യമായ ചെക്ക് ഡാമുകളുടെ നിർമ്മാണത്തിന് പദ്ധതികൾ തയ്യാറാക്കുന്നത്. ഈ വിഷയത്തിലും പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കാറുണ്ട്.

**സെക്ഷൻ ഓഫീസർ**